# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2608 — 10.12.2014 ൽ മറുപടിക്ക്

## ആലപ്പാട് സർക്കാർ ആരോഗ്യ കേന്ദ്രത്തിന്റെ പരാധീനതകൾക്ക് പരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) നാട്ടിക മണ്ഡലത്തിലെ ആലപ്പാട് സർക്കാർ ആരോഗ്യ കേന്ദ്രത്തിന്റെ പരാധീനതകൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ജനങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കുമോ; | (എ) നാട്ടിക മണ്ഡലത്തിലെ ആലപ്പാട് സർക്കാർ ആരോഗ്യ കേന്ദ്രത്തിന്റെ പരാധീനതകൾക്ക് പരിഹാരം കാണുന്നതിനായി ജനങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാത്രികാല ചികിത്സയും കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനുമായാണ് പ്രക്ഷോഭങ്ങൾ നടന്നിട്ടുള്ളത്. ഡോക്ടർമാരുടെ അഭാവം മൂലം 30/09/2014-ന് ശേഷം കിടത്തി ചികിത്സ നടന്നിട്ടില്ല. പ്രസ്തുത ആശുപത്രിയിൽ 2 സിവിൽ സർജന്മാരുടെയും 3 അസിസ്റ്റന്റ് സർജന്മാരുടേയുമടക്കം ഡോക്ടർമാരുടെ 5 തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ 2 സിവിൽ സർജൻ തസ്തികയും ഒരു അസിസ്റ്റന്റ് സർജൻ തസ്തികയും ഒഴിഞ്ഞ് കിടക്കുകയാണ്. അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് പി.എസ്.സി യെ അറിയിച്ചിട്ടുണ്ട്. നിയമന ശുപാർശ ലഭിച്ചിട്ടില്ല. സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ പ്രമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം, മരുന്നുകളുടെ ലഭ്യത, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ മതിയായ വിധത്തിൽ നിർവ്വഹിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെ 3 ഒഴിവുകളുള്ളതിനാൽ അവശ്യ സേവനം ഉറപ്പ് വരുത്തുന്നതിനായി 2 ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നുണ്ട്. ഏതെങ്കിലും മരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ ആശുപത്രി മേധാവിക്ക് അവ വാങ്ങുന്നതിനുള്ള അധികാരം നല്കിയിട്ടുണ്ട്. അന്തിക്കാട് ബ്ലോക്കിലെ പദ്ധതിയിലുൾപ്പെടുത്തി ഒരു ലക്ഷം രൂപയ്ക്ക് കൂടുതൽ മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രിയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ